"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ.അജയകുമാർ. കെ.ബി. (ജനറൽ എക്സ്റ്റൻഷൻ ഓഫീസർ, ബ്ലോക്ക് പഞ്ചായത്ത്, കുത്തുപറമ്പ്, കണ്ണൂർ)-യുടെ കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ)വകുപ്പ്

**സ.ഉ.(സാധാ) നം.2214/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 24/11/2020

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ധന.നം.സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ(പി)നം.580/2013/ധന

3 01.07.2017-ലെ സ.ഉ(സാധാ)നം.2230/2017/തസ്വഭവ

4 04.03.2020-ലെ സ.ഉ(സാധാ)നം.545/2020/തസ്വഭവ

5 കുടുംബശ്രീ ഡയറക്ടറുടെ 05.11.2020-ലെ 7159/ഇ1/2017/കെ.എസ്.എ.

<u>ഉത്തരവ്</u>

കണ്ണൂർ കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് ജനറൽ എക്സ്റ്റൻഷൻ ഓഫീസർ ആയ ശ്രീ.അജയകുമാർ.കെ.ബി-യെ പരാമർശം (3) -ലെ ഉത്തരവു പ്രകാരം കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി നിയമിക്കുകയും പരാമർശം (4) പ്രകാരം ടിയാളുടെ അന്യത്രസേവനകാലം 06.07.2020 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 06.07.2020ന് അവസാനിച്ചതായും 07.07.2020 മുതൽ ഒരു വർഷത്തേക്കു കൂടി അന്യത്രസേവനകാലം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (5) -ലെ കത്ത് പ്രകാരം കുടുംബശ്രീ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.അജയകുമാർ.കെ.ബി-യുടെ കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവനകാലം കേരള സർവ്വീസ് റൂൾ ഭാഗം-1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 07.07.2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

കുടുംബശ്രീ ഡയറക്ടർ,തിരുവനന്തപുരം

ശ്രീ.അജയകുമാർ.കെ.ബി.(ഗ്രാമവികസന കമ്മീഷണർ മുഖേന)

ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ&ഇ),കേരള,തിരുവനന്തപുരം

അക്കൌണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ),കേരള

തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ